# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമാട്ടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.11-1536/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 20/12/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമാട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.11-1536/2021 തീയ്യതി: 20/12/2021

## പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-09-2019 മുതൽ 04-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 22-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 22-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.ജി.റോബർട്ട്, ഓഡിറ്റ് ഓഫീസർ

ശ്രീ.ഷർഫുദ്ദീൻ. എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.കൃഷ്ണദാസ്.എൻ.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാരിമുത്തു.ജി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ബീഗം സൈന | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മൃദുല .കെ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 25-07-2019 |
| ശ്രീ.രഘുനാഥൻ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 26-07-2019 | 11-12-2019 |
| ശ്രീ.അബ്ദുൾ ലത്തീഫ് | അസിസ്റ്റന്റ് സെക്രട്ടറി | 12-12-2019 | 31-03-2020 |
| ശ്രീമതി രമാദേവി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുജാത.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 30-09-2019 |
| ശ്രീമതി.കലാവതി.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-10-2019 | 31-03-2020 |
| ഡോ.റിയാസ്.ബി | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ.രാജാഹരിപ്രസാദ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. ഷെമി. വി. എസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലിബി ആന്റണി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.സുമേഷ് | വി ഇ ഓ | 01-04-2019 | 31-03-2020 |
| ശ്രീമതി.സോണിയാ എ | വി ഇ ഓ സർക്കിൾ I | 01-04-2019 | 31-03-2020 |
| ശ്രീമതി.അഫ്സ | ഡി.ഇ.ഓ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷാജ്ഞന്നീസ.എ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |

--

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnadas.N.V (Auditor, On 05-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ramadevi.K.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramadevi.K.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: K.G.Robert (Audit Officer, On 05-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: K.G.Robert (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-10 |
| 12 | 2019- 20 വർഷത്തെ ബജറ്റ് നടപടിക്രമങ്ങൾ വിലയിരുത്തൽ<br>Written By: Krishnadas.N.V (Auditor, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-11 |
| 13 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-12 |
| 14 | നികുതി നിർണ്ണയ വിവരങ്ങളിലെ കൃത്യത പരിശോധിക്കുന്നതിനായുള്ള നിരീക്ഷണ സംവിധാനം കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-13 |
| 15 | ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.<br>Written By: Ramadevi.K.R (Senior Grade Auditor, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-14 |
| 16 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പദ്ധതി നടപ്പാക്കിയില്ല.<br>Written By: Ramadevi.K.R (Senior Grade Auditor, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-15 |

| | | |
|---|---|---|
| 17 | ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-16 |
| 18 | എ.ബി.സി പദ്ധതി- ലക്ഷ്യപ്രാപ്തി ഉറപ്പ് വരുത്തേണ്ടതാണ്<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-17 |
| 19 | പാലക്കുഴി ജലവൈദ്യുത പദ്ധതി-ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-12-2021) | 1-18 |
| 20 | കരാറുകാരന് അധിക തുക നല്കിയത് തിരികെ ഈടാക്കുക:-<br>Written By: K.G.Robert (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കരാറുകാരന് അധിക തുക നല്കിയത് തിരികെ ഈടാക്കുക:-<br>Written By: K.G.Robert (Audit Officer, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 27-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Ramadevi.K.R (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Ramadevi.K.R (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ramadevi.K.R (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Ramadevi.K.R (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 27-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| | | |
|---|---|---|
| | Written By: Ramadevi.K.R (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-12-2021) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷികകണക്കുകൾ-സംക്ഷിപ്തം |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 14-02-2019 തിയതിയിലെ തീരുമാനം 1 -1 തീരുമാനപ്രകാരം പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 297365500/-രൂപയും ചെലവ് 289005500/-രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 29-05-2020 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. NREGS ചെക്ക് ഇഷ്യൂ രജിസ്ററിലെ EFMS തുക AFSലേതുമായി പൊരുത്തപ്പെടുന്നില്ല
2.ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17126268 |
| വരവ് | 136567401 |
| ആകെ | 153693669 |
| ചെലവ് | 125841385 |
| നീക്കിയിരിപ്പ് | 27852284 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 18686727 | 18686727 | 17330754 | 1355973 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 11685118 | 11685118 | 5976715 | 5708403 |
| വികസനഫണ്ട് -ടി.എസ്.പി (***) | 0 | 4711294 | 4711294 | 1133743 | 3577551 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 16808000 | 16808000 | 10746253 | 6061747 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6441000 | 6441000 | 2178081 | 4262919 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | 0 | 17337274 | 17337274 | 6297372 | 11039902 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുള്ള

ചെലവ് തുകയായ 3991635മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 205882മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(***) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 14706മേൽ പട്ടികയിലെ വികസന ഫണ്ട് - TSP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 617857 | 639126 | 1256983 | 1205181 | 51802 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4944 | 1880058 | 1885002 | 1882610 | 2392 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 29929374 | 29929374 | 29929374 | 0 |
| ആകെ | 4944 | 31809432 | 31814376 | 31811984 | 2392 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 1200000 | 384000 | 1584000 | 0 | 1584000 |

സംസ്ഥാനാവിഷ്ക്കാവിഷ്കൃതം

ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 887152 | 0 | 887152 | 0 | 887152 |
| ലൈഫ് | 0 | 21700000 | 21700000 | 19800000 | 1900000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 217925392 | 112 | 52968544 | 0 | 84 | 57.14 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 57.14% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 24 % തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 18750000 | 7198696 | 38.39 |
| വെറ്ററിനറി സർജ്ജൻ | 8 | 6 | 5465000 | 2064603 | 37.78 |
| മെഡിക്കൽ ഓഫീ സർ-PHC | 4 | 4 | 955578 | 587091 | 61.44 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 2 | 2 | 2005000 | 2005000 | 100 |
| വി.ഇ.ഒ | 10 | 9 | 107919854 | 6800000 | 6.3 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 5198425 | 3846298 | 73.99 |
| സെക്രട്ടറി | 30 | 23 | 10961724 | 8624439 | 78.68 |
| അസി.സെക്രട്ടറി | 13 | 7 | 3350580 | 655416 | 19.5 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 114 | 48 | 60407031 | 20095840 | 33.27 |
| എച്ച്.എം | 6 | 6 | 1212200 | 1091161 | 90.01 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 1700000 | 0 | 0 |
| ആകെ | 196 | 112 | 217925392 | 52968544 | 24.31 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4944 | 1880058 | 1885002 | 1882610 | 2392 |
| എം.എൻ.ആർ.ഇ.ജി.എസ് -തൊഴിലാളികളുടെ വേതനം | 0 | 29929374 | 29929374 | 29929374 | 0 |
| ആകെ | 4944 | 31809432 | 31814376 | 31811984 | 2392 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 76080 | 64 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3073200 | 502 |
| 3 | വിധവാ പെൻഷൻ | 8899800 | 999 |
| 4 | വാർദ്ധക്യകാല പെൻഷൻ | 12240300 | 2064 |
| 5 | വികലാംഗ പെൻഷൻ | 1634100 | 275 |
| 6 | 50 വയസ്സ് കഴിഞ്ഞ | 412200 | 49 |

| | | | |
|---|---|---|---|
| | അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | | |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-10-2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 103/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ. എംബി സ്റ്റോക്ക് രജിസ്റ്റർ, എന്നിവയും ടി സാമ്പത്തിക വർഷത്തിലെ ആസ്തി രജിസ്റ്റർ എ.ഇ. മുഖേനയും പൂർണ്ണമായി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ യഥാർത്ഥ മൂല്യം രേഖപ്പെടുത്തി പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്. ഉദാ :-ബിറ്റുമിൻ ബാരൽ സ്റ്റോക്ക് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ. വർക്ക് ഫയലുകളുടെ ഒപ്പം സൂക്ഷിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ടുകളിൽ പ്രവൃത്തികളുടെ പേര്, അടങ്കൽതുക മറ്റ് വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തുന്നില്ല. എന്നാൽ അംഗങ്ങൾ ഒപ്പ് രേഖപ്പെടുത്തുന്നുണ്ട്. ആയതിൽനിന്നും മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് സംവിധാനം പൂർണ്ണമായും കാര്യക്ഷമമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അളവുപുസ്തകങ്ങളിലെ വെട്ടിത്തിരുത്തലുകൾ ക്രമാതീതമാകാതെ പരമാവധി ഒഴിവാക്കേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11മുതൽ 2014-15 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

പെർഫോമൻസ് ഓഡിറ്റ് ജൂൺ 2021 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

## 1-11 2019- 20 വർഷത്തെ ബജറ്റ് നടപടിക്രമങ്ങൾ വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 14.02.2019 ലെ തീരുമാനം 1/1 അനുസരിച്ച് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) പദ്ധതി നിർദ്ദേശങ്ങൾ- രേഖകൾ സൂക്ഷിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുമ്പും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. ബജറ്റ് ഫയൽ കൃത്യതയോടെ സൂക്ഷിക്കാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻസാധിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

എല്ലാ ബജറ്റ് രേഖകളും ഫയലിൽ സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

2) പദ്ധതിയേതര നിർദ്ദേശങ്ങൾ-നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബഡ്ജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15-ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് |

2019-20 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥരോട് പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതിന്റേയും ആയത് സമർപ്പിച്ചതിന്റേയും രേഖകൾ സൂക്ഷിച്ചിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റ് ചർച്ച ചെയ്തതിന്റേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയതിന്റേയും വിശദാംശങ്ങൾ അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 05.02.2019 ലെ യോഗത്തിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്ക് സമർപ്പിച്ചിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രപ്പോസലുകൾ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ അംഗീകരിച്ചതിൻ പ്രകാരം അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. റിവൈസ്ഡ്, സപ്ലിമെന്ററി ബജറ്റുകൾ തൻവർഷം പാസാക്കിയിട്ടില്ല. തൻവർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 08.02.2019 ന് തയ്യാറാക്കിയ കരട് ബജറ്റ് 14.02.2019 -ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുന്നതിൽ മാന്വൽ പ്രകാരമുള്ള സമയക്രമവും നടപടിക്രങ്ങളും പാലിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. ആയതിനാൽ തൻവർഷം പ്രസക്തമല്ലാത്ത വരവിനങ്ങളും ബജറ്റിൽ ഉൾപ്പെടുവാൻ ഇടയായിട്ടുണ്ട്. ഉദാ. പഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നില്ല എന്നിരിക്കെ ഈ ഇനത്തിൽ 70000 രൂപ ബജറ്റിൽ വരവ് പ്രതീക്ഷിച്ചിട്ടുണ്ട്. കൂടാതെ പരസ്യ നികുതിയിനത്തിലും 26000 രൂപ ബജറ്റിൽ വരവ് പ്രതീക്ഷിച്ചിട്ടുണ്ട്. ജി.എസ്.ടി നിയമത്തിലെ വകുപ്പ് 173 ഉപവകുപ്പ് Vi പ്രകാരം 1-7-2017 മുതൽ പരസ്യ നികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുന്ന 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209 റദ്ദാക്കിയിട്ടുണ്ട്. ആയതിനു ശേഷവും ഈ ഇനത്തിൽ വരവ് പ്രതീക്ഷിച്ചത് ബജറ്റ് തയ്യാറാക്കുന്നതിലെ അപാകമായി വിലയിരുത്തുന്നു.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (03/10.10.2021) മറുപടി ലഭ്യമാക്കിയില്ല.

3) ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
2. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.
4. പുതുക്കിയ ബജറ്റ് കൃത്യമായി പാസാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
5. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 40 രൂപയും, 100 ച.മീറ്ററിനു മുകളിൽ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 60 രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 100 ച.മീറ്ററിനു മുകളിലുള്ള കെട്ടിടത്തെ 100 ച.മീറ്റർ വരെ വിസ്തീർണമുള്ളവയുടെ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നികുതി കുറവ് ഈടാക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്നം./ കെട്ടിടനം., | തറ വിസ്തീർണം (ച.മീ) | ഉപയോഗതരം തെറ്റായി രേഖപ്പെടുത്തി നിർണയിച്ച വസ്തുനികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി | കുറവ് (രൂ.) |
|---|---|---|---|---|---|
| 1 | 7/66 | 159 | അടിസ്ഥാന വസ്തുനികുതി- 159*40 =6360<br><br>ഇളവ് =4452<br>വർദ്ധനവ് = 1272<br><br>വസ്തുനികുതി = 3180<br>ലൈബ്രറി സെസ്സ് = 159<br>ആകെ = 3339 | അടിസ്ഥാന വസ്തുനികുതി- 159*60 =9540<br><br>ഇളവ് =6678<br>വർദ്ധനവ് = 1908<br><br>വസ്തുനികുതി = 4770<br>ലൈബ്രറി സെസ്സ് = 239<br>ആകെ = 5009 | 1670 |

ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി അപാകതകൾ പരിഹരിക്കേണ്ടതാണ്

100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള ഏതാനും വാണിജ്യ കെട്ടിടങ്ങളെ (ചുവടെ പട്ടികപ്പെടുത്തിയിട്ടുള്ളവ) വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയതെങ്കിലും പഴയനികുതി വളരെ കുറവായതിനാലും ചട്ടപ്രകാരം പുനർനിണയിക്കുമ്പോൾ വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്തിയിട്ടുള്ളതിനാലും വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവു വന്നിട്ടില്ല. എങ്കിലും കെട്ടിടങ്ങളെ തറവിസ്തീർണത്തിന് ആനുപാതികമായി ഉപയോഗക്രമം രേഖപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | തറ വിസ്തീർണ്ണം | ഉടമസ്ഥൻ |
|---|---|---|---|
| 1 | 2/238 | 196 ച.മീ | അങ്കാളൻ, കോട്ടോപ്പാടം |
| 2 | 3/258 | 153 ച.മീ | കൊച്ചമ്മാളുഅമ്മ, നല്ലമാടൻചള്ള |
| 3 | 5/194 | 102 ച.മീ | രാജൻ, കൊരിയാർ ചള്ള |
| 4 | 5/395 | 102 ച.മീ | ബാലകൃഷ്ണൻ, വേമ്പ്ര |
| 5 | 6/476 | 140 ച.മീ | പി.വി. ഹസ്സൻ, കരുണ മെഡിക്കൽ കോളേജ് |
| 6 | 7/23 | 109 ച.മീ | ബിനുകുമാർ, കല്യാണപ്പേട്ട |
| 7 | 11/432 | 120 ച.മീ | സിദ്ദിഖ്, മീനാക്ഷിപുരം |
| 8 | 16/181 | 108 ച.മീ | നൂർമുഹമ്മദ്, വണ്ടിത്താവളം |
| 9 | 16/611 | 114 ച.മീ | ജഹബർ, വണ്ടിത്താവളം |
| 10 | 17/419 | 160 ച.മീ | സൗജത്ത് ബിവി മുതൽപേർ, അലയാർ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 02/10.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

2) മറ്റ് ഏതെങ്കിലും കെട്ടിടങ്ങൾക്ക് മേൽ സൂചിപ്പിച്ച പ്രകാരം നികുതി തെറ്റായി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 നികുതി നിർണ്ണയ വിവരങ്ങളിലെ കൃത്യത പരിശോധിക്കുന്നതിനായുള്ള നിരീക്ഷണ സംവിധാനം കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

2019-20 ലെ ക്രമവൽക്കരണ രജിസ്റ്റർ പരിശോധിച്ചതിൽ നിലവിലുള്ള ഒരു കെട്ടിടത്തിനോട് ചേർന്ന് രണ്ട് കടമുറികൾ നിർമ്മിച്ചത് ക്രമവൽക്കരിക്കുന്നതിനായി ശ്രീമതി. കവിതാമണി, മീനാക്ഷീപുരം എന്നിവർ എ4-4345/13.08.2019 നമ്പർ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ആയതിന്റെ ബിൽഡിംഗ് പ്ലാനുകൾ, നികുതി നിർണ്ണയ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ മുൻ നിർമ്മിത കെട്ടിടത്തിന്റെ യഥാർത്ഥ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ലാത്തതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയറിലെ തറവിസ്തീർണ്ണം (ച.മീ) | പ്ലാനിലേയും നികുതി നിർണ്ണയിച്ചതിലേയും തറവിസ്തീർണ്ണം (ച.മീ) | കുറവ് വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 11/583 | 46 | 62.32 | 16.32 |
| 11/758 | 24.56 | 24.56 | 0 |
| 11/759 | 20.17 | 20.17 | 0 |

11/583 എന്ന നമ്പർ കെട്ടിടത്തിന് നിലവിൽ ഈടാക്കിവരുന്ന വസ്തുനികുതി-

അടിസ്ഥാന വസ്തുനികുതി- 1840 രൂപ + വർദ്ധനവ്- 368 രൂപ = 2208 രൂപ

യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി-

അടിസ്ഥാന വസ്തുനികുതി- 2493 രൂപ + വർദ്ധനവ്- 499 രൂപ = 2992 രൂപ

കുറവ് = 784 രൂപ

യഥാർത്ഥ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ലാത്തതിനാൽ 2013 വർഷം മുതൽ പ്രതിവർഷം 784 രൂപ നഷ്ടം വന്നിട്ടുണ്ട്. ആയതിനാൽ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിക്കുന്നതോടൊപ്പം നികുതി നിർണ്ണയ വിവരങ്ങളിലെ കൃത്യത പരിശോധിക്കുന്നതിനായുള്ള നിരീക്ഷണ സംവിധാനം കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ്

വരുത്തേണ്ടതുമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08/21.10.2021)മറുപടി ലഭ്യമാക്കിയില്ല.

1-14 ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

2019-20 വാർഷിക കണക്കുകളുടെ സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ തയ്യാറാക്കിയതിനാസ്പദമായ രേഖകളും രജിസ്ററുകളും പരിശോധിച്ചതിൽ നിന്നും ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. ലൈഫ് ഭവന പദ്ധതിയ്ക്കായി ലഭിച്ച വായ്പ തുക, തൻവർഷത്തെ ലോൺ മുന്നിരിപ്പ്, തൻവർഷം ലഭിച്ച വായ്പ തുക, തിരിച്ചടച്ച തുക(മുതൽ, പലിശ), തിരിച്ചടക്കാൻ ബാക്കിയുള്ള തുക എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി രജിസ്ററർ കൃത്യമായും കാലികമായും എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2019-20 വർഷത്തിൽ 6 പദ്ധതികളിലായി ആകെ 3921177 രൂപ ലോൺ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.ഇത് കൂടാതെ 960000 രൂപ (ഗുണഭോക്താക്കൾക്ക് ലോൺ വിഹിതത്തിൽ നിന്നും തെറ്റായി അനുവദിച്ച തുക) നേരിട്ട് V.No: 21900670/8.11.2019 പ്രകാരം KURDFC ലേക്ക് തിരിച്ചടവാക്കുകയും ചെയ്തിട്ടുണ്ട്. അപ്രോപ്രിയോഷൻ കൺട്രോൾ രജിസ്ററിൽ നിന്നും തുകകളുടെ വിവരം ലഭ്യമാകുമെന്നാലും ലോൺ ലഭിച്ച തുക,തിരിച്ചടവ്, ഇനി അടവാക്കാനുള്ള തുക എന്നീ കാര്യങ്ങളിലെ കൃത്യത ഉറപ്പാക്കുന്നതിനായി ലോൺ രജിസ്റ്റർ കാലികവും പൂർണ്ണവും ആക്കി സൂക്ഷിക്കേണ്ടതാണ്.

1-15 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പദ്ധതി നടപ്പാക്കിയില്ല.

2019-20ൽ ഗ്രാമപഞ്ചായത്തിൽ ഉൽപാദന മേഖലയിൽ ക്ഷീര കർഷകർക്കായുള്ള പദ്ധതി നടപ്പാക്കിയിട്ടില്ല. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി വിഭാവനം ചെയ്ത് 1700000 രൂപ (തനത് ഫണ്ട്-400000, ബ്ലോക്ക് വിഹിതം-500000, ജില്ലാ പഞ്ചായത്ത് വിഹിതം-800000) വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല. കൃഷി, മൃഗസംരക്ഷണം, ക്ഷീരോൽപാദനം എന്നീ മേഖലകൾ ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ഉപജീവനമാർഗമാണ്. പഞ്ചായത്തിൽ ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്തതും അല്ലാത്തവരുമായി പാലുൽപാദകരുണ്ട്. സബ്സിഡി മാർഗരേഖയനുസരിച്ച് ക്ഷീര സംഘത്തിലേക്ക് നല്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ (ക്ഷീര വികസന വകുപ്പ് നല്കുന്ന ഒരു രൂപ ഉൾപ്പടെ) ഒരു കർഷകന് പരമാവധി 40,000 രൂപ അനുവദിക്കാവുന്നതാണ്. ഇത് കൂടാതെ ക്ഷീരസംഘങ്ങളുടെ പ്രവർത്തന മേഖലയിൽ ഇൻഷൂർ ചെയ്ത പശുക്കൾ ഉള്ള ക്ഷീരകർഷകർക്ക് വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തിൽ 15,000 രൂപ വരെ നല്കാവുന്നതാണ്. ഉൽപാദവർദ്ധനവിനുള്ള ധനഹായം അതാത് വർഷത്തിൽ നടപ്പാക്കാത്തതിനാൽ തുക ലാപ്സായി നഷ്ടമാവുന്ന സ്ഥിതിയുണ്ട്. ഇത്തരം വീഴ്ചകൾ ഉണ്ടാവാതെ സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കി ഫലപ്രദമാക്കേണ്ടതാണ്. ഇതേക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക് (12/21.10.21) മറുപടി ലഭ്യമായില്ല.

1-16 ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങി

2019-20 വർഷത്തിൽ പുതിയ തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിച്ചത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാനുവലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ എന്ന് പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എൽ.ഇ.ഡി തെരുവ് വിളക്കുകൾ വാങ്ങൽ

പ്രോ.നം.219/20-എൽ.ഇ.ഡി തെരുവ് വിള ക്ക് വാങ്ങി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 1000000 രൂപ (CFC )

ചെലവ് - 998400രൂപ

1. ബിൽ നം. 27/28-02-2020 തുക:-499200/-രൂപ

ഇൻവോയ്സ് നം. CD/19-20/R/75/16-12-2019-156:- എണ്ണം

2. ബിൽ നം. 28/28-02-20=4992000

ഇൻവോയ്സ് നം. CD/19-20/R/83/18-12-2019-156:- എണ്ണം

ആകെ - 312 എണ്ണം.

എ. ലാമ്പുകളുടെ നിരക്ക്

25 വാട്ടിന്റെ 312എൽ.ഇ.ഡി ലാമ്പുകൾ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. 25 വാട്ടിന്റെ ലാമ്പ് ഒന്നിന് 3200 രൂപയുമാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്.

ബി. തീരുമാനങ്ങൾ

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10-07-2019ലെ തീരുമാനം നം. 4/2 പ്രകാരം SILK എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.
2. പ്രോക്യുർമെന്റ് കമ്മിറ്റിയുടെ തീരുമാനമില്ല.

സി. അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

1. 25-07-2017ലെ സ.ഉ(പി)നം.95/2017/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 11 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. SILK എന്ന സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ SILKന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല.

2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.46, 9.47, 9.48 എന്നിവയിൽ സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടറിലെ നിരക്ക് യുക്തിഭദ്രമാണോ (Reasonable) എന്ന് പരിശോധിക്കുവാനും യുക്തിഭദ്രമല്ലെങ്കിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുമായി മാത്രം വില പേശൽ നടത്തി വില കുറവ് ചെയ്യുവാനും ഉദ്ദേശിച്ച നിരക്കിലേക്ക് കുറവ് ചെയ്യാത്തപക്ഷം പുനർടെണ്ടർ നടത്തേണ്ടതാണെന്ന നിബന്ധനയുമുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത വാങ്ങലുകൾ നേരിട്ടുള്ള വാങ്ങൽ നടത്തിയപ്പോൾ എപ്രകാരമാണ് എൽ.ഇ.ഡി ലാമ്പുകളുടെ വില നിശ്ചയിച്ചതെന്നതിന് രേഖകൾ ഇല്ല. മാത്രമല്ല മാർക്കറ്റ് നിരക്കുമായി

പൊരുത്തപ്പെടുത്തി സ്ഥാപനത്തിന്റെ യുക്തിഭദ്രത ഉറപ്പാക്കിയിട്ടുമില്ല. നിരക്കിന്റെ യുക്തിഭദ്രത ഉറപ്പാക്കാതിരുന്നതിനാൽ ധനനഷ്ടം ഉണ്ടായിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു.

ഡി) ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും എൽ.ഇ.ഡി ലാമ്പുകൾനേരിട്ട് വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയത്. പ്രോജക്റ്റിനനുസരിച്ചാണ് തുടർന്നുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളത്.

ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. പ്രോജക്റ്റിന്റെ അംഗീകാരത്തിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്റ്റിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല. നിർവ്വഹണം നടത്തുന്നതിനു മുമ്പായി നിർവ്വഹണ ഉദ്യോഗസ്ഥനും കൃത്യത ഉറപ്പാക്കിയിട്ടില്ല.

ഇ) സപ്ലൈ ചെയ്തതിന്റെ വിവരം

പ്രസ്തുത സ്ഥാപനത്തിൽ നിന്നും 25 വാട്ട് ലാമ്പുകൾ വാങ്ങിയിട്ടുള്ളത് 3200 രൂപ നിരക്കിലാണ്. തൻവർഷത്തിൽ മേൽ സൂചിപ്പിച്ച രണ്ടു ബില്ലുകളിൽ നിന്നായി ആകെ 312 LED ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി SILK മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ചെയ്യാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി സ്പിൽ ഓവറായി കൊണ്ടു വരികയും ഇതേ സ്ഥാപനത്തിൽ നിന്നും എൽ.ഇ.ഡി ലാമ്പുകൾ വാങ്ങി വിവിധ വാർഡുകളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ലാമ്പുകൾ സ്ഥാപിച്ചതിന് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

എഫ് ) എഗ്രിമെന്റ്

ലാമ്പുകൾക്ക് രണ്ടു വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് നം.35/2019-20/02-12-2019.

ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും

1. അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് അക്രഡിറ്റേഷൻ ഉത്തരവിനു വിരുദ്ധമായി സാധനങ്ങൾ നേരിട്ട് വിതരണം ചെയ്തത് ക്രമപ്രകാരമല്ല. സ്ഥാപനത്തിന്റെ അർഹത പരിശോധിക്കാതിരുന്നതും സ്ഥാപനം ഓഫർ ചെയ്ത നിരക്കിന്റെ യുക്തിഭദ്രത വിലയിരുത്താതിരുന്നതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയാണ്. ആയത് ആവർത്തിക്കാതിരിക്കേണ്ടതാണ്.

2. വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

3 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. തുടർന്നുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്.

4. തുടർ വർഷങ്ങളിൽ നിലാവ് പോലുള്ള പദ്ധതികളുടെ സാധ്യതകൾ കൂടി പരിഗണിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.5/16-10-21)

1-17 എ.ബി.സി പദ്ധതി- ലക്ഷ്യപ്രാപ്തി ഉറപ്പ് വരുത്തേണ്ടതാണ്

പ്രോജക്റ്റ് നമ്പരും പേരും - 78/20, എ.ബി.സി പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ- 3,50,000(വികസന ഫണ്ട് -ജനറൽ)
ചെലവ് -3,50,000(ബിൽ നമ്പർ- 11/28.09.2019)

തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് പെരുമാട്ടി ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായ ₹ 3,50,000 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൈമാറിയിയിട്ടുണ്ട്. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാ പഞ്ചായത്ത് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തിലെ 233 നായ്ക്കളെയെങ്കിലും വന്ധ്യംകരിക്കേണ്ടതാണ്. തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം, പ്രസ്തുത പദ്ധതിയിലൂടെ നായക്കളെ വന്ധ്യംകരിച്ചതിന്റെ വിവരം എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/16-10-2021) മറുപടിയായി ജില്ലാപഞ്ചായത്തിൽ നിന്നും നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 പാലക്കുഴി ജലവൈദ്യുത പദ്ധതി-ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം. 10/20-പാലക്കുഴി ജലവൈദ്യുത പദ്ധതി-വിഹിതം നൽകൽ
അടങ്കൽ -200000 (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് -200000 (ബിൽ നം 25/22.01.2020)

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി മേൽപറയും പ്രകാരമുള്ള തുക പാലക്കാട് ജില്ലാപഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ വിഹിതം നൽകിയ സ്ഥാപനം എന്ന നിലയിൽ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം ലാഭവിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതും നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതും ഷെയർ വാല്യൂ ഗ്രാമപഞ്ചായത്ത് വാർഷിക ധനകാര്യപത്രികയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടുവരേണ്ടതുമാണ്. മുൻ വർഷങ്ങളിൽ പാലക്കുഴി ജലവൈദ്യുത പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ടെങ്കിൽ ആയതു കൂടി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 കരാറുകാരന് അധിക തുക നല്കിയത് തിരികെ ഈടാക്കുക:-

പ്രവൃത്തിയുടെ പേര്:- തെക്കുംഭാഗം-മുള്ളന്തോട് റോഡ്പുനരുദ്ധാരണം
(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

പ്രോജക്റ്റ് നം:- SO.118/2019

അടങ്കൽ:- 1162000/-

ആകെ പ്രവൃത്തിമൂല്യം:- 1160762/-

ഫൈനൽ ബിൽ നം:- 38/19-20,

തീയ്യതി/തുക:- 19-10-2019, 376192/-

പാർട്ട് ബിൽ നം :- 50/18-19 ,

തുക:- 784570/-

അളവുപുസ്തകം :- 15/17-18 &10/19-20

മേൽപ്പറഞ്ഞ പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ അളവുകൾ രേഖപ്പെടുത്തിയതിൽ തെറ്റ് സംഭവിച്ചതിനാൽ കരാറുകാരന് തുക 43187.64 രൂപ അധികം നല്കിയിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി.

എസ്റ്റിമേറ്റിലെ 2-ഠ ഇനമായ സംരക്ഷണഭിത്തിയുടെ ഡ്രൈറബിൾ വർക്ക് 1.90 മീറ്റർ ഉയരത്തിലെത്തിയപ്പോൾ 3-ാം ഇനം ആയ 1:2:4 അനുപാതത്തിലുള്ള സിമെന്റ് കോൺക്രീറ്റ് കൊണ്ട് മിഡിൽ ബെൽറ്റ് നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ അളവപുസ്തകത്തിൽ ആയതിന്റെ അളവുകൾ രേഖപ്പെടുത്തിയതിൽ എണ്ണം 1 എന്നതിന് പകരം 2 എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാൽ അളവിൽ ഇരട്ടിപ്പ് സംഭവിച്ചു. ഇങ്ങനെ അധികമായി അനുവദിച്ച തുക 43187.64 രൂപ തിരികെ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 20-10-2021 ന് 7-ാം നമ്പരായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. വിശദമായ വിവരങ്ങൾ ഖണ്ഡിക 3-1 ൽ പരാമർശിച്ചിരിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കരാറുകാരന് അധിക തുക നല്കിയത് തിരികെ ഈടാക്കുക:-

പ്രവൃത്തിയുടെ പേര്:- തെക്കുംഭാഗം-മുള്ളന്തോട് റോഡ് പുനരുദ്ധാരണം
(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

പ്രോജക്റ്റ് നം:- SO.118/2019

അടങ്കൽ:- 1162000/-

ആകെ പ്രവൃത്തിമൂല്യം:- 1160762/-

ഫൈനൽ ബിൽ നം:-38/19-20,

തീയ്യതി/തുക:- 19-10-2019,376192/-

പാർട്ട് ബിൽ നം :-50/18-19 ,

തുക:- 784570/-

അളവുപുസ്തകം :- 15/17-18 &10/19-20

മേൽപ്പറഞ്ഞ പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ അളവുകൾ രേഖപ്പെടുത്തിയതിൽ തെറ്റ് സംഭവിച്ചതിനാൽ കരാറുകാരന് തുക 43187.64 രൂപ അധികം നല്കിയിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. എസ്റ്റിമേറ്റിലെ 2-ഠ ഇനമായ സംരക്ഷണഭിത്തിയുടെ ഡ്രൈറബിൾ വർക്ക് 1.90 മീറ്റർ ഉയരത്തിലെത്തിയപ്പോൾ 3-ാം ഇനം ആയി 1:2:4 അനുപാതത്തിലുള്ള സിമെന്റ് കോൺക്രീറ്റ് കൊണ്ടുള്ള മിഡിൽ ബെൽറ്റ് നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ അളവപുസ്തകത്തിൽ ആയതിന്റെ അളവുകൾ രേഖപ്പെടുത്തിയതിൽ എണ്ണം 1 എന്നതിന് പകരം 2 എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാൽ അളവിൽ ഇരട്ടിപ്പ് സംഭവിച്ചു. (MB.No.15/17-18, Pageno.10കാണുക) അളവ്പുസ്തകങ്ങളിലെ രേഖപ്പെടുത്തലുകളുടെ വിശദവിവരം, അനുവദനീയമായ അളവ്, അധികം അനുവദിച്ച തുകയുടെ വിവരങ്ങൾ എന്നിവ ചുവടെ കൊടുത്തിരിക്കുന്നു.

1) MB.No.15/17-18, Pageno.10

ഇന്റർമീഡിയറ്റ് ബെൽറ്റ് ( 1:2:4)

| എണ്ണം | നീളം | വീതി | ഉയരം | അളവ് |
|---|---|---|---|---|
| 2* | 30മീ | 0.90മീ | 0.10മീ | 5.40എം3 |

| | | | | |
|---|---|---|---|---|
| 2* | 33.70മീ | 0.90മീ | 0.10മീ | 6.07എം3 |
| ആകെ | | | | 11.47എം3 |

2) MB.No.15/17-18,pageno.43

ഇന്റർമീഡിയറ്റ് ബെൽറ്റ് ( 1:2:4) 1 Bit

| എണ്ണം | നീളം | വീതി | ഉയരം | അളവ് |
|---|---|---|---|---|
| 1 | 5.75മീ | 0.70മീ | 0.10മീ | 0.40എം3 |
| ആകെ | | | | 0.40എം3 |
| ഒട്ടാകെ(1+2) | | | | 11.87എം 3 |

യഥാർത്ഥത്തിൽ അനുവദിച്ച തുക

(MB.No.10/19-20,pageno.8)

| നിരക്ക് | അളവ് | തുക |
|---|---|---|
| 7523.98 | 11.47എം3 | |
| | 0.40എം3 | |
| ആകെ | 11.87എം3 | 89309.64 |

യഥാർത്ഥത്തിൽ അനുവദിക്കാവുന്ന അളവ്

| എണ്ണം | നീളം | വീതി | ഉയരം | അളവ് |
|---|---|---|---|---|
| 1 | 30മീ | 0.90മീ | 0.10മീ | 2.70എം3 |
| 1 | 33.70മീ | 0.90മീ | 0.10മീ | 3.03എം3 |
| 1 | 5.75മീ | 0.70മീ | 0.10മീ | 0.40എം3 |
| ആകെ | | | | 6.13എം3 |

യഥാർത്ഥത്തിൽ അനുവദിക്കാവുന്ന തുക

| നിരക്ക് | അളവ് | തുക |
|---|---|---|
| 7523.98 | 6.13എം3 | 46122.00 |

അധികമായി അനുവദിച്ച തുക

(MB.No.10/19-20,pageno.8&18)

89309.64 - 46122 = 43187.64

അധികമായി അനുവദിച്ച തുക 43187.64 രൂപ തിരികെ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കി

ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 20-10-2021 ന് 7-ാം നമ്പരായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | 4.10.2021 - 22.10.2021 | അനുബന്ധം 1 കാണുക |

## 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 198964 | പെയിൻ & പാലിയേറ്റീവ് | 297797 | 201167 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | പെയിൻ & പാലിയേറ്റീവ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 155000 | ലൈഫ്മിഷൻ | 80000 | 75000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1700000 | ലൈഫ് മിഷൻ | 0 | 1700000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1024200 | മാലിന്യ സംസ്കരണ പ്ലാന്റ് | 0 | 1024200 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1391895 | ലൈഫ്മിഷൻ | 715600 | 2992604 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2491309 | ലൈഫ്മിഷൻ | | |
| ജില്ലാ പഞ്ചായത്ത് | 2019-20 | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 175000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 113/20,പോസ്റ്റ് മാറ്റി | 15/10-10-19-241417 | 308469 | 0 |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിക്കൽ | 31/13-03-20-67052 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹.36460000 വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് മിഷൻ | KURDFC/A2 /6026/2018/ 5.9.2018 | 13918895 | 36460000 | 4518823 | --- | 45860072** |

**43860072+ 2000000 ( എ. സി. ആർ പ്രകാരമുള്ള നീക്കിയിരിപ്പ് )

## 4-6 സ്ഥിര നിക്ഷേപം

| ക്രമ നമ്പർ | നിക്ഷേപിച്ച തുക | വിശദവിവരങ്ങൾ |
|---|---|---|
| 1 | 1000 | വിവരങ്ങൾ ലഭ്യമല്ല |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹.25100/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 18 | 5000 | ഇ.യു. ഉമ്മർകോയ കോൺട്രാക്ടർ | 119040104096/ 31.12.2019 |
| 2018-19 | 1-10 | 5000 | ഇ.യു. ഉമ്മർകോയ കോൺട്രാക്ടർ | 119040104482/ 7.2.2018 |
| 2018-19 | 1-30 | 10000 | ഇ.യു. ഉമ്മർകോയ കോൺട്രാക്ടർ | 119040104510/ 11.2.2020 |
| 2018-19 | 1-30 | 5100 | ഇ.യു. ഉമ്മർകോയ കോൺട്രാക്ടർ | 119040104511/ 11.2.2020 |
| ആകെ | | 25100 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-

വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-4 | 2010-11 | 2-14 | കെ.എസ്.ഇ.ബി. വിനിയോഗസാക്ഷ്യപത്രം സംബന്ധിച്ച് | പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 2000-01 | 3-8 | 2005-06 | 59.1 | ഖാദി സമുച്ചയം അപൂർണ്ണം | സമിതി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 136567401 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 125841385 |
| വരവിനങ്ങളിലുള്ള നഷ്ടം | -ഒന്നുമില്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43188/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | -ഒന്നുമില്ല- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | ഒന്നുമില്ല | 43188/- | രമാദേവി.ആർ, അസി.എഞ്ചിനീയർ |
| ആകെ | ഒന്നുമില്ല | 43188/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക- ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗ പ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രമാദേവി, | അസിസ്റ്റന്റ്എഞ്ചിനീയർ, | സൗപർണ്ണിക, |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | പെരുമാട്ടി ഗ്രാമപഞ്ചായത്ത് | പരചിരിക്കാട്, കളപ്പെട്ടി(പി.ഒ), കഴൽമന്ദം,പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSAD-PKD.11/822 /2018/06.09.2018 – അദാലത്ത് | 4 |
| 1997-98(വരവ്) | | 0 |
| 1997-98(ചെലവ്) | | 15 |
| 1998-99(വരവ്) | | 2 |
| 1998-99(ചെലവ്) | | 12 |
| 1999-2000 | | 15 |
| 2000-01 | | 9 |
| 2001-02 | | 10 |
| 2002-03 | | 7 |
| 2003-04 | | 9 |
| 2004-05 | | 5 |
| 2005-06 | | 12 |
| 2006-07 | | 5 |
| 2007-08 | LFP11/1077/15/3.8.15 | 10 |
| 2008-09 | LFP11/95 /14/17.9.2015 | 11 |
| 2009-10 | LFP11/92/15/5.6.17 | 13 |
| 2010-11 | LFP11/1155 /2014/11.3.13 | 19 |
| 2011-12 | KSA-PKD-11/18105 /17/22.3.17 | 14 |
| 2012-13 | KSA-PKD11/616 /15/17.9.15 | 14 |
| 2013-14 &2014-15 | KSA-PKD11/1567 /18/31.8.18 | 19 |
| 2015-16 | KSA.PKD.11-191/2017 /3.10.17 | 19 |
| 2016-17 | KSA.PKD.11/1322 /17/19.1.2018 | 21 |
| 2017-18 | KSA.PKD-11-9/2019 /29.01.2019 | 31 |
| 2018-19 | KSA.PKD-11-9/2019 /29.01.2019 | 22 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷികകണക്കുകൾ-സംക്ഷിപ്തം

Perumatty Grama Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.N0 | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | 1-1 | 4785429.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 443412.00 |
| 140000000 | Fee & User Charges | 1-4(b) | 889646.00 |
| 150000000 | Sale & Hire Charges | 1-5(b) | 459313.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | 1-6 | 108873373.00 |
| 171000000 | Interest Earned | 1-8 | 577623.00 |
| 180000000 | Other Income | | 31600.00 |
| | Total Income | | 116060396.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | 1-10(b) | 10874432.00 |
| 220000000 | Administrative Expenses | 1-11 (b) | 1497457.00 |
| 230000000 | Operations & Maintenance | 1-12(b) | 3843768.00 |
| 240000000 | Interest & Finance Charges | 1-13 | 2347.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | | 10845536.00 |
| 251000000 | Decentralised Plan Programme-Service Sector | 1-14(a) | 44809317.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | 1-14(b) | 3720795.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | 1-14(c) | 1168559.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | 1-14(d) | 26592140.00 |
| 255000000 | Maintenance Projects | 1-14(e) | 8891865.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | 1-15 | 6000.00 |
| | Total Expenditure | | 112252216.00 |

| | | | |
|---|---|---|---|
| | Gross Surplus/ Deficit of income over Expenditure | | 3808180.00 |
| 280000000 | Prior Period Item | 1-18 | -659876.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4468056.00 |
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17116021.00 |
| Cash | Cash | RP-40(a) | 10247.00 |
| | Operating | | |
| 110000000 | Tax Revenue | RP-I | 1710600.00 |
| 140000000 | Fees & User Charges | | 424346.00 |
| 150000000 | Sale & Hire Charges | RP-5 | 459313.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57798627.00 |
| 171 000000 | Interest Earned | RP-9 | 577623.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 32724464.00 |
| 350000000 | Other Liabilities | RP-36 | 465932.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1891.00 |
| | Non Operating | | |
| 180000000 | Other Income | RP-IO | 31600.00 |
| 330000000 | Secured Loans | RP-32 | 36460000.00 |
| 340000000 | Deposits Received | RP-34 | 220251.00 |
| 350000000 | Other Liabilities | RP-36 | 252837.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3381454.00 |
| 440000000 | Pre-paid Expenses | RP-45 | 480000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1578463.00 |
| | Grand total | | 153693669.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4679966.00 |
| 220000000 | Administrative Expenses | RP-12 | 1458987.00 |
| 230000000 | Operations & Maintenance | RP-13 | 2645963.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8748696.00 |
| 251000000 | Decentralised Plan Programme- Service Sector | RP- 16 | 10454273.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | 17 | 3400999.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1168559.00 |
| 254000000 | Expenditures of | RP-19 | 332540.00 |

| | | | |
|---|---|---|---|
| | Transferred institutions and State Sponsored Schemes | | |
| 255000000 | Maintenance Projects | RP-20 | 8891865.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 6000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22272471.00 |
| 350000000 | Other Liabilities | RP-36 | 8229083.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2347.00 |
| 280000000 | Prior Period Item | RP-26 | -1250.00 |
| 330000000 | Secured Loans | RP-32 | 960000.00 |
| 340000000 | Deposits Received | RP-34 | 287078.00 |
| 350000000 | Other Liabilities | RP-36 | 1846400.00 |
| 410000000 | Fixed Assets | RP-38 | 9934130.00 |
| 412000000 | Capital work in Progress | RP-40 | 4975674.00 |
| 440000000 | Pre-paid Expenses | RP-45 | 33980000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1567604.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 27790977.00 |
| Cash | Cash | RP-40(b) | 61307.00 |
| | Grand Total | | 153693669.00 |

| | | | |
|---|---|---|---|
| Perumatty Grama Panchayat<br>BALANCE SHEET | | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | 38807498.35 |
| 312000000 | Reserves | B-3 | 88116700.00 |
| | Total Reserve & Surplus | | 126924198.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | 12930997.00 |
| | Total Grants, Contributions for Specific Purposes | | 12930997.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 45860072.00 |
| | Total Loans | | 45860072.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | | 333573.00 |
| 350000000 | Other Liabilities | | 1661189.65 |
| | Total Current Liabilities and Provisions | | 1994762.65 |
| | TOTAL LIABILITIES | | 187710030.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 112990371.00 |
| 411000000 | Accumulated Depreciation | B-11 | -8764067.00 |
| 412000000 | Capital Work in Progress | B-ll(a) | 9735674.00 |
| | Total Fixed Assets | | 113961978.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1000.00 |
| | Total Investments | | 1000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | 14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 782573.00 |
| 440000000 | Pre-paid Expenses | B-16 | 43860072.00 |
| 450000000 | Cash and Bank Balance | B-17 | 27852284.00 |
| 460000000 | Loans, Advances and Deposits | B-18 | 1252123.00 |
| | Total Current Assets, Loans and Advances | | 73747052.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 187710030.00 |

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)